**<u>പതിനാലാം കേരള നിയമസഭ</u>**

**<u>രണ്ടാം സമ്മേളനം</u>**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത**<br>**ചോദ്യം നം. 3753** | **20 .10.2016-ൽ**<br>**മറുപടിയ്ക്ക്** |

## <u>ദേശീയ കുടുംബക്ഷേമ പദ്ധതി</u>

| | |
|---|---|
| **<u>ചോദ്യം</u>**<br>**ശ്രീ. എം. നൗഷാദ്** | **<u>മറുപടി</u>**<br>**ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി** |
| (എ) ദേശീയ കുടുംബക്ഷേമ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ തീരുമാനമാകാതെ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഉണ്ടെങ്കിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ തീരുമാനമെടുക്കാൻ സ്വീകരിച്ച അടിയന്തര നടപടികൾ വിശദീകരിക്കാമോ; | (ബി) ദേശീയ കുടുംബക്ഷേമ പദ്ധതി പ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ മുൻഗണനാക്രമത്തിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം അനുവദിച്ചു നൽകുന്നുണ്ട്. ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് ബാക്കിയുള്ള അപേക്ഷകളിലും ധനസഹായം അനുവദിക്കാൻ കഴിയും. |
| (സി) ഏത് വർഷം വരെയുള്ള അപേക്ഷകളിലാണ് തീരുമാനമെടുത്തത്; ഓരോ താലൂക്കിലും ലഭിച്ച അപേക്ഷകളുടെയും സഹായം അനുവദിക്കപ്പെട്ട അപേക്ഷകളുടെയും എണ്ണം സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വിശദീകരിക്കാമോ; | (സി) കോട്ടയം, പത്തനംതിട്ട ജില്ലകളിൽ 2015 ഫെബ്രുവരി വരെയും മറ്റു ജില്ലകളിൽ 2016 സെപ്റ്റംബർ മാസം വരെയുള്ള അപേക്ഷകളിൽ തീരുമാനമെടുത്തിട്ടുണ്ട്. ഓരോ താലൂക്കിലും ലഭിച്ച അപേക്ഷകളുടെയും സഹായം അനുവദിക്കപ്പെട്ട അപേക്ഷകളുടെയും എണ്ണം സംബന്ധിച്ച വിശദാംശം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. |
| (ഡി) കേന്ദ്ര സർക്കാർ ഓരോ വർഷവും പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച ധനസഹായത്തിന്റെ കണക്കുകൾ വെളിപ്പെടുത്താമോ? | (ഡി) കേന്ദ്ര സർക്കാർ അനുവദിച്ച ധനസഹായത്തിന്റെ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷത്തെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം-2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്